**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3031** **13-07-2022 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി റീബിൽഡ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന മാനന്തവാടി - വിമലനഗർ - കുളത്താട - വാളാട് എച്ച് . എസ്. - പെരിയ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | **മാനന്തവാടി - പെരിയ റോഡിന്റെ 16.02 കി.മീ ബിറ്റുമിനസ് കോൺക്രീറ്റ് പൂർത്തിയായി. 49 കലുങ്കുകളും 3.2 കി.മീ ഓടയുടെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ 52 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത റോഡിൽ പല സ്ഥലത്തും സംരക്ഷണ ഭിത്തി നിർമ്മിക്കാത്തതിനാൽ അപകടാവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംരക്ഷണ ഭിത്തി നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് പ്രവർത്തികൾ പി.എ.പി വർക്കിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ